പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3240

19.06.2019-ൽ മറുപടിക്ക്

## മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകളുടെ ചെലവിന് നഗരസഭയ്ക്ക് പ്രത്യേക ഫണ്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. ദാസൻ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) നഗരസഭകളുടെ കീഴിലുള്ള വിവിധ സർക്കാർ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകൾ നടക്കുമ്പോൾ പ്രസ്തുത ചെലവിലേക്കായി ഒരു പ്രോഗ്രാമിന് എത്ര രൂപ ചെലവഴിക്കാവുന്നതാണ് എന്ന് വ്യക്തമാക്കുമോ ; | എ) 25,000/- രൂപ |
| ബി) ഇത്തരം പരിപാടികളുടെ ചെലവ് വഹിക്കാൻ നഗരസഭയ്ക്ക് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ;<br>സി) ഉണ്ടെങ്കിൽ ആയത് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | ബി) & സി) സർക്കാരിന്റെ 28/12/15 ലെ സ.ഉ.(സാധാ) നം.3866/15/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25,000/- രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുള്ളതാണ് (പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു). |
| ഡി) അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക ചെലവഴിക്കാൻ അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് പരിധി നിശ്ചയിച്ചും യഥേഷ്ടാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3866/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 28.12.2015

പരാമർശം:- വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.11.2015 ലെ തീരുമാനം നമ്പർ 2.6.

**ഉത്തരവ്**

പരാമർശിത തീരുമാനത്തിന്റെ വെളിച്ചത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയും അല്ലാതെയുള്ള ഉദ്ഘാടനങ്ങൾക്ക് പരമാവധി 10,000/- (പതിനായിരം രൂപ മാത്രം) രൂപയും തനത് ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ പരിധിയിൽ അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
പി.റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സി. ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ